LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

59 (4393) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2014 ഡിസംബർ ആറാം തീയതിക്കുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അരുവിക്കര നിയമസഭാ നിയോജകമണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് ധനസഹായം നൽകി എന്നും, അവർ ഓരോരുത്തരുടേയും മേൽവിലാസവും, ഓരോരുത്തർക്കും ലഭിച്ച തുക എത്ര വീതമെന്നും, തീയതികൾ ഏതാണെന്നും, ഇവർക്കെല്ലാപേർക്കും കൂടി ആകെ ലഭിച്ച തുക എത്രയാണെന്നും വിശദമാക്കുമോ ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെയും വിതരണം ചെയ്ത തുകയെയും സംബന്ധിച്ചുള്ള കണക്കുകൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

ചികിത്സാ സഹായം ലഭിക്കാനുള്ള കാലതാമസം

60 (4394) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സ സഹായത്തിനായി അപേക്ഷ സമർപ്പിച്ച് അനന്തരം ബഹു. മുഖ്യമന്ത്രി സമയബന്ധിതമായി ജില്ല കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്ത മാസങ്ങൾ കഴിഞ്ഞിട്ടും കാസർഗോഡ് റവന്യൂ അധികാരികളിൽനിന്നും റിപ്പോർട്ടുകൾ എത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ, താലൂക്ക് തഹസിൽദാർ എന്നിവർവഴി അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ടുകൾ, ജില്ലാ കളക്ടർ എത്രയും വേഗത്തിൽ തിരിച്ച് ഗവൺമെന്റിൽ ഉത്തരവിനായി സമർപ്പിക്കാറുണ്ട്. ഇതിനായി ശരാശരി 2 മുതൽ 3 ആഴ്ച വരെ സമയം എടുക്കാറുണ്ട്. അറിയിപ്പ് നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ചുരുക്കം ചില അപേക്ഷകരുടെ റിപ്പോർട്ടുകൾ ഗവൺമെന്റിൽ സമർപ്പിക്കാൻ കാലതാമസം നേരിടാറുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.